സമർപ്പിച്ചിട്ടുണ്ട്. ടി ശിപാർശകളുടെയും കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ നിയമത്തിന്റെയും അടിസ്ഥാനത്തിൽ കേരള ലോകായുക്ത നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതുമായി ബന്ധപ്പെട്ട ശിപാർശകൾ സമർപ്പിക്കുവാൻ ലോകായുക്ത രജിസ്ട്രാറിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) 1999-ലെ ലോകായുക്ത ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി മുഖ്യമന്ത്രി, മന്ത്രിമാർ, സംസ്ഥാന നിയമസഭാംഗങ്ങൾ, രാഷ്ട്രീയ പാർട്ടികളുടെ സംസ്ഥാനതല ഭാരവാഹികൾ, സംസ്ഥാനത്തിന്റെ സേവനത്തിലേക്കായി നിയോഗിക്കപ്പെട്ടിട്ടുള്ള അഖിലേന്ത്യാ സർവ്വീസിൽപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള, ആക്ടിൽ വിവരിച്ചിട്ടുള്ള പൊതു സേവകരുടെ അഴിമതി, ദുർഭരണം തുടങ്ങിയവയെ സംബന്ധിച്ച ആരോപണങ്ങളിന്മേൽ അന്വേഷണം നടത്തി യുക്തമായ തീരുമാനങ്ങളും, പരിഹാര മാർഗ്ഗങ്ങളും സർക്കാരിന്റെ പരിഗണനയ്ക്കും നടപടികൾക്കുമായി റിപ്പോർട്ട് ചെയ്യുന്നു. ലോകായുക്ത നിലവിൽ വന്നതിനു ശേഷം 30-4-2015 വരെ 30284 കേസുകൾ ഫയൽ ചെയ്യുകയും അതിൽ 28377 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(സി&ഡി) കേന്ദ്ര സർക്കാർ പാസ്സാക്കിയ ലോക്പാൽ ബില്ലിന് അനുസൃതമായി ലോകായുക്ത നിയമത്തിലും ഭേദഗതികൾ വരുത്തുന്ന വിഷയം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

എയർ കേരള

27 (*177) ശ്രീ. പി. എ. മാധവൻ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എയർ കേരള ആഭ്യന്തര സർവ്വീസ് ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കുമോ ;

(ബി) ഏതൊക്കെ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചായിരിക്കും ആഭ്യന്തര സർവ്വീസ് നടത്തുകയെന്ന് വ്യക്തമാക്കാമോ ;

(സി) ഗൾഫ് സർവ്വീസിന് അനുമതി ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കുമോ ;

(ഡി) ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്തുന്നതിനായി നടപ്പാക്കുവാൻ ഉദ്ദേശിക്കുന്ന നൂതന പദ്ധതികൾ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) :

(എ-സി) പ്രവാസി മലയാളികൾ പ്രത്യേകിച്ച് ഗൾഫ് മേഖലയിൽ തൊഴിൽ ചെയ്യുന്ന പ്രവാസി മലയാളികളുടെ വർദ്ധിച്ചുവരുന്ന ആവശ്യങ്ങൾ കണക്കിലെടുത്ത് സർക്കാരിന്റെ പങ്കാളിത്തത്തോടെ ഒരു ബഡ്ജറ്റ് എയർലൈൻ മുഖാന്തരം കുറഞ്ഞ ചെലവിലുള്ള യാത്രാസൗകര്യം ഏർപ്പെടുത്തുക എന്ന ഉദ്ദേശ്യലക്ഷ്യത്തോടെ സംസ്ഥാന സർക്കാർ 'എയർ കേരള' എന്ന പദ്ധതി എയർ കേരള ഇന്റർ നാഷണൽ സർവ്വീസ് കമ്പനി മുഖേന നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഈ കമ്പനിയുടെ ബോർഡ്, ഏണസ്റ്റ് & യംഗ് എന്ന കൺസൾട്ടന്റ് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിനെ അടിസ്ഥാനമാക്കി അന്താരാഷ്ട്ര മേഖലയിൽ പ്രവർത്തിക്കാൻ കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചശേഷം എയർ കേരള എയർ ലൈൻ സർവ്വീസ് ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുകയാണ്. സംസ്ഥാനത്ത് മൂന്ന് പ്രധാന വിമാനത്താവളങ്ങളായ തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് എയർപോർട്ടുകളും, ദക്ഷിണേന്ത്യയിലെ മറ്റ് വിമാനത്താവളങ്ങളായ കോയമ്പത്തൂർ, മധുര, തൃച്ചി, ബാംഗ്ലൂർ, ചെന്നൈ വിമാനത്താവളങ്ങളെ ബന്ധിപ്പിച്ചാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര സർക്കാരിന്റെ നിലവിലുള്ള നിബന്ധനകൾ പ്രകാരം അന്താരാഷ്ട്ര സർവ്വീസുകൾ നടത്തുന്നതിന് കുറഞ്ഞത് 5 കൊല്ലത്തെ ആഭ്യന്തര മേഖലയിലെ പരിചയവും, 20 വിമാനങ്ങളും കമ്പനിക്കാവശ്യമാണ്. കമ്പനിക്ക് പ്രവർത്തനം ആരംഭിക്കാൻ ഈ വ്യവസ്ഥകൾ ഇളവു ചെയ്ത് നല്കണമെന്ന് കേന്ദ്ര വ്യോമയാന മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര വ്യോമയാന മന്ത്രാലയത്തിന്റെ മറുപടി ലഭ്യമായെങ്കിൽ മാത്രമേ മറ്റുകാര്യങ്ങളിൽ തീരുമാനമെടുക്കാൻ കഴിയൂ. അന്തർദ്ദേശീയ വ്യോമയാന മേഖലയിലെ ദീർഘകാല പ്രവൃത്തി പരിചയം കണക്കിലെടുത്ത് സിയാലിന്റെ നേതൃത്വത്തിൽ 'AIR KERALA' എന്ന പേരിൽ International Budget Air അനുവദിക്കുന്നതിന് ആവശ്യമായ ഇളവുകളും അനുമതിയും നൽകുന്നതിന് നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിച്ച് 8-6-2015-ലും മുഖ്യമന്ത്രി കേന്ദ്ര വ്യോമയാന മന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന്റെ വിവിധങ്ങളായ ഇളവുകളോടെയും സൗജന്യങ്ങളോടെയും Guaranteed load ഉറപ്പാക്കിയും Low Cost Air Line Service നടത്തിയുമാണ് ആഭ്യന്തര സർവ്വീസ് വിപുലപ്പെടുത്താൻ ഉദ്ദേശിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly